ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ട്രസ്റ്റ് ബോർഡ് നടപ്പാക്കുന്ന പദ്ധതികൾ

17(*47) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തേന്മിൽ രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ശബരിമലയുടെ സമഗ്ര വികസനത്തിനായി ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ട്രസ്റ്റ് ബോർഡ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്;

(ബി) ഈ ബോർഡിന്റെ കീഴിൽ ഈ വർഷം ഏതൊക്കെ പ്രോജക്ടുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനായി ആകെ എത്ര കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഈ വർഷത്തെ സീസണിന് മുമ്പായി ഈ പ്രോജക്ടുകളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് തുടക്കം കുറിക്കാനായി എന്നറിയിക്കുമോ;

(ഇ) ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ട്രസ്റ്റ് ബോർഡ് ഏറ്റെടുത്ത് നടത്താൻ തയ്യാറാക്കിയ പദ്ധതികൾ എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(എഫ്) ഇത്തരത്തിൽ പൂർത്തിയാക്കുന്ന ഓരോ പ്രോജക്ടിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളുടെയും ഏജൻസികളുടേയും സഹകരണവും പങ്കാളിത്തവും ലഭ്യമാക്കുമെന്നത് സംബന്ധിച്ച വിശദാംശങ്ങൾ നല്കുമോ?

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ,

(എ) ശബരിമലയുടെ സമഗ്ര വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾക്ക് മുൻതൂക്കം നൽകുന്നു.

(1) കൃ കോംപ്ലക്സിന്റെ നിർമ്മാണം
(2) കുന്നാർ ഡാമിന്റെ വിപുലീകരണം
(3) റോപ്പ്വേയുടെ നിർമ്മാണം
(4) അന്നദാന മണ്ഡപത്തിന്റെ നിർമ്മാണം
(5) പ്രസാദ മണ്ഡപത്തിന്റെ നിർമ്മാണം
(6) പരമ്പരാഗത പാതയുടെയും സ്വാമി അയ്യപ്പൻ റോഡിന്റെയും വിപുലീകരണം
(7) കാനനപാതയ്ക്ക് മുകളിൽ മേൽക്കൂര നിർമ്മാണം
(8) ചന്ദ്രാനന്ദൻ റോഡിന്റെ വശത്ത് സൗജന്യ മൂത്രപ്പുരകളുടെ നിർമ്മാണം
(9) പമ്പാ മണപ്പുറത്ത് തീർത്ഥാടകർക്ക് വിശ്രമിക്കുന്നതിനായി 20,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പന്തലിന്റെ നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

(10) ആംബുലൻസിന്റെ ഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി പമ്പാ ത്രിവേണി പാലം മുതൽ ഗണപതി കോവിലിനു സമീപം വരെ നീളുന്ന സർവ്വീസ് റോഡിന്റെ നിർമ്മാണം

(11) നിലയ്ക്കലിൽ പാർക്കിംഗ് സൗകര്യങ്ങളുടെ വിപുലീകരണം

(12) വി.ഐ.പി.-കളുടെ വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്ന പ്രവൃത്തി

(13) പമ്പാ ഗണപതികോവിൽ പരിസരത്ത് തിരക്ക് ഒഴിവാക്കുന്നതിനുള്ള പ്രവൃത്തികൾ

(14) പമ്പയിൽ 1.5 എം.എൽ.ഡി.-യുടെയും ശബരിമലയിൽ 5 എം.എൽ.ഡി.-യുടെയും ശേഷിയുള്ള സ്യൂവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണം

(15) നിലയ്ക്കലിൽ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള അയ്യപ്പന്മാർക്കു വേണ്ടി ശബരിഭവനുകളുടെ നിർമ്മാണം

(16) നിലയ്ക്കലിൽ ചെക്ക് ഡാമിന്റെ നിർമ്മാണം

(17) നിലയ്ക്കൽ ക്ഷേത്രത്തിന്റെ വികസനം

(18) നിലയ്ക്കൽ കുടിവെള്ള സംഭരണിയുടെ നിർമ്മാണം

(19) നിലയ്ക്കലിൽ പെട്രോൾ പമ്പ് സ്ഥാപിക്കൽ

(ബി)

(1) പമ്പയിലെ സർവ്വീസ് റോഡിന്റെ നിർമ്മാണം

(2) കുന്നാർ ഡാമിന്റെ നിലവിലുള്ള ഉയരം വർദ്ധിപ്പിക്കുന്ന പ്രവൃത്തി

(3) കുന്നാറിൽ പുതിയ ഡാമിന്റെ നിർമ്മിതി പ്രവർത്തനങ്ങൾ

(4) പരമ്പരാഗത പാതയുടെ വിപുലീകരണം

(5) സ്വാമി അയ്യപ്പൻ റോഡിന്റെ വിപുലീകരണം

(6) പരമ്പരാഗത പാതയിൽ അപ്പാച്ചിമേട്ടിലും നീലിമലയിലും മേൽക്കൂരയുടെ നിർമ്മാണം മുതലായ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ പണികൾക്കായി ആകെ 122.50 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) അപ്പാച്ചിമേട് ഭാഗത്തും നീലിമല ഭാഗത്തും നാല് സ്ഥലങ്ങളിൽ പരമ്പരാഗത പാതയിൽ മേൽക്കൂര സ്ഥാപിച്ചു.

(ഇ) ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് മൊത്തം ശബരിമല മാസ്റ്റർ പദ്ധതികൾക്ക് വേണ്ടിയാണ്. 2015 വരെയുള്ള ഹ്രസ്വകാല പദ്ധതികളും 2050 വരെയുള്ള ദീർഘകാല പദ്ധതികളും മാസ്റ്റർ പ്ലാനിലുണ്ട്.

(എഫ്) ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡ് സംഭാവനകളിലൂടെയും സ്പോൺസർഷിപ്പുകളിലൂടെയുമാണ് പ്രധാനമായും വിഭവ സമാഹരണം നടത്താൻ ഉദ്ദേശിക്കുന്നത്. പമ്പയിലെ വിശ്രമപ്പന്തൽ സ്പോൺസർഷിപ്പിലൂടെയാണ് നിർമ്മിച്ചത്. ചില സ്ഥാപനങ്ങൾ പദ്ധതികൾ നടപ്പിലാക്കാൻ സംഭാവനകൾ നൽകാമെന്ന് ഏറ്റിട്ടുണ്ടെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly